പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1676** — **21.01.2014-ൽ മറുപടിക്ക്**

## കൃഷി -മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിലെ ജൈവ കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൃഷി - മൃഗ സംരക്ഷണ വകുപ്പുകളുടെ ഫാമുകളിൽ ജൈവകൃഷി പ്രോൽസാഹിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്: വിശദമാക്കുമോ; | എ) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവ രീതിയിൽ മാത്രമേ കൃഷി ചെയ്യാവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വെർമി കംപോസ്റ്റ് ഉൽപാദിപ്പിക്കാത്ത ഫാമുകളിൽ വെർമി കംപോസ്റ്റ് നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>മൃഗസംരക്ഷണ വകുപ്പിലെ പശു വളർത്തൽ ഫാമുകളിൽ ചാണകം, സ്ലറി (വെള്ളം, ഗോമൂത്രം) എന്നിവ പുൽകൃഷി ചെയ്യുന്നതിനായി ഉപയോഗിക്കുന്നു. ആയതിലേക്കായി ഫാമുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| ബി) ഇതിനായി ഫാമുകളിൽ പശുവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) ഉണ്ട്.<br>സംസ്ഥാനത്തെ കൃഷി ഫാമുകൾ ശാക്തീകരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 23/12/2013-ൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും, സെക്രട്ടറിമാരുടേയും എല്ലാ ഫാം ഓഫീസർമാരുടേയും കാർഷികോല്പാദന കമ്മീഷണർ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരുടെയും ഒരു യോഗം ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ കൃഷി ഫാമുകളിലും കുറഞ്ഞത് 10 പശുക്കളെങ്കിലും ഉള്ള കാറ്റിൽ ഫാം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>മൃഗസംരക്ഷണ വകുപ്പിൽ 4 പശു വളർത്തൽ കേന്ദ്രങ്ങൾ നിലവിലുണ്ട്. കൂടാതെ കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിൽ കേരളത്തിലെ നാടൻ കന്നുകാലികളെ |

വർദ്ധനവിനും ആവശ്യമായ സംരക്ഷണവും ലഭ്യമാക്കി മണ്ണ് സംരക്ഷണ വകുപ്പിന്റെ ചുമതലയിൽ നടക്കുന്ന ഫാമിലെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

സി) ഫാമുകളിൽ ജൈവ വളങ്ങളും സി) ജൈവ കീടനാശിനികളും മാത്രം ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

മണ്ണ് പരിശോധന ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തി ഓരോ കൃഷികൾക്കും അനുയോജ്യമായ ജൈവ വളങ്ങളും ആവശ്യമായ ജൈവ കീടനാശിനികളും ഉപയോഗിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പിലെ പശു വളർത്തൽ ഫാമുകളിൽ ചാണകം, സ്ലറി (വെള്ളം, ഗോമൂത്രം) എന്നിവ ഉപയോഗിച്ചാണ് പുൽകൃഷിയും, അനുബന്ധമായി പച്ചക്കറി കൃഷിയും ചെയ്യുന്നത്. ആയതിലേക്കായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രധാന ഫാമുകളിൽ എല്ലാം അഗ്രികൾച്ചർ ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

കൃഷി വകുപ്പിന്റെ ഓരോ ഫാമുകളിലേയും വിളകളുടെ അടിസ്ഥാനത്തിൽ ജൈവ വളത്തിന്റേയും കീടനാശിനികളുടേയും ആവശ്യകത നിർണ്ണയിച്ച് ഫാമിൽ തന്നെ വെർമി കംപോസ്റ്റ് നിർമ്മിക്കുവാനും മറ്റ് ജൈവ വളങ്ങളും ജൈവ കീടനാശിനികളും വാങ്ങി ഉപയോഗിക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിലെല്ലാം അവിടെ നിന്നും ലഭിക്കുന്ന ജൈവവളം ഉപയോഗിച്ചുള്ള കൃഷി നടത്തി വരുന്നുണ്ട്. അത് കഴിയുന്നത്ര കൂടുതൽ സ്ഥലത്ത് വ്യാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ